പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 497 19.03.2013 -ൽ മറുപടിക്ക്

റിസർവ്വ് കണ്ടക്ടർ തസ്തികയിലെ ഒഴിവുകൾ

ചോദ്യം

ശ്രീ. റ്റി.വി. രാജേഷ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2011 നവംബർ വരെ റിസർവ്വ് കണ്ടക്ടർ തസ്തികയിലേക്ക് കെ.എസ്.ആർ.ടി.സി.യിൽ നിന്നും പി.എസ്.സിക്ക് എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തത്; | (എ) | 3,808 ഒഴിവുകളുടെ സ്ഥാനത്ത് 8,140 ഒഴിവുകൾ തെറ്റായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി. |
| (ബി) | 2013 ഫെബ്രുവരി വരെ എത്ര റിസർവ്വ് കണ്ടക്ടർ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്; റിസർവ്വ് കണ്ടക്ടർ തസ്തികകളിലേക്കുള്ള ഒഴിവുകൾ കുറയുന്നതിന് എന്താണ് കാരണം; | (ബി) | 3,808; 05.11.2011-ലെ കത്തു പ്രകാരമാണ് 8,140 ഒഴിവുകൾ പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്തത്. കെ.എസ്.ആർ.ടി.സി. യിൽ ഡ്രൈവർ, കണ്ടക്ടർ തസ്തികകളുടെ ഒഴിവുകൾ നിശ്ചയിക്കുന്നത് ഓപ്പറേറ്റ് ചെയ്യുന്നതും പ്രാബല്യത്തിലുള്ളതുമായ ഷെഡ്യൂളുകൾക്ക് അനുസൃതമായിട്ടാണ്. എന്നാൽ, ടി കത്തുപ്രകാരം ഒഴിവുകൾ കണക്കാക്കിയിട്ടുള്ളത്, മുൻപ് കമ്മീഷനെ അറിയിച്ചതും കമ്മീഷൻ അഡ്വൈസ് ചെയ്തതും അഡ്വൈസ് ചെയ്തിട്ടും ജോലിക്ക് ചേരാതിരുന്നതുമായ മൊത്തം ഒഴിവുകളെ നിലവിലുള്ള ആകെ ഷെഡ്യൂളുകളുടെ കണക്കനുസരിച്ചുള്ള ഒഴിവുകളോടൊപ്പം കൂട്ടി തെറ്റായ രീതിയിൽ കണക്കെടുപ്പ് നടത്തിയതുമൂലമാണ് യഥാർത്ഥത്തിൽ ഒഴിവുള്ള 3,808 റിസർവ്വ് കണ്ടക്ടറുടെ വേക്കൻസിക്കുപകരമായി 8140 വേക്കൻസികൾ കമ്മീഷനെ അറിയിക്കാനിടയായത്. കെ.എസ്.ആർ.ടി.സി. യിൽ |

| | | | |
|---|---|---|---|
| | | | നിലവിലുള്ളതും, ആവശ്യമായതുമായ എണ്ണത്തേക്കാൾ കൂടുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനിടയായി എന്നും ആയതു തെറ്റായ രീതിയിൽ കണക്കെടുപ്പ് നടത്തിയതുമൂലം സംഭവിച്ചതാണെന്നും കെ.എസ്.ആർ.ടി.സി.-യുടെ ശ്രദ്ധയിൽ പ്പെട്ടയുടൻതന്നെ ആ വിവരം 05.06.2012 -ലെ 1012/ജിഎൽ-2/ആർറ്റിസി നമ്പർ കത്തു പ്രകാരം കെ.പി.എസ്.സി. യെ അറിയിക്കുകയും, മുൻപ് റിപ്പോർട്ടു ചെയ്ത വേക്കൻസികളുടെ എണ്ണം 8140 എന്നതിനുപകരം 3808 എന്നാക്കി ഭേദഗതി വരുത്തണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (സി) | പി.എസ്.സി റാങ്ക് ലിസ്റ്റിൽനിന്നും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | നിലവിലുള്ള 3,808 വേക്കൻസികളിൽ അഡ്വൈസ് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ഇതിലുണ്ടാകുന്ന NJD വേക്കൻസികളിലേയ്ക്കുള്ള നിയമനവും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ